**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1276** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുത്തതിനുശേഷം അവ സമയബന്ധിതമായി പൂർത്തീകരിക്കാതിരിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് മുൻഗണന നൽകി വൈവിധ്യമാർന്ന പ്രവർത്തനം സംഘടിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | പ്രവൃത്തി പൂർത്തീകരണ കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകുന്നത് തെറ്റായ സന്ദേശം നൽകുന്നതിന് ഇടയാക്കുന്നു എന്നുള്ളത് പരിശോധിക്കുന്നുണ്ടോ; | (ബി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇതു കൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും Standard Bid Document ൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മതിയായ കാരണങ്ങൾ മൂലമല്ലാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാറില്ല. സ്ഥലമെടുപ്പ്, കോടതി വ്യവഹാരങ്ങൾ, Utility Shifting ൽ വരുന്ന താമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, അതിവർഷം മൂലം ഹൈഫ്ലഡ് ലെവലിലുള്ള ഉയർച്ച കൊണ്ട് ഡിസൈനിൽ ഉണ്ടാകുന്ന മാറ്റം, എന്നിവ കാരണം ചിലപ്പോൾ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാകുന്നതിന് താമസം നേരിടാറുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരി ക്കുന്നതിന് കരാറുകാരന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, Standard Bid Document, MoRTH SBD എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് പിഴയോടു കൂടി കാലാവധി പുതുക്കി നൽകാറുണ്ട്. എന്നിട്ടും പൂർത്തീകരിച്ചി ല്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ കരാർ terminate ചെയ്യുകയും റീ ടെണ്ടർ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഷെഡ്യൂൾ പ്രകാരം |

പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിക്കാറുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസ്ിയർമാർ എന്നിവരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുകയും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മേലുദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ ദൂരീകരി ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ത്വരിത പ്പെടുത്തുകയും ചെയ്തു വരുന്നു. പ്രവർത്തികളുടെ പുരോഗതി വിലയിരുത്തു ന്നതിനും സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പ് വരുത്തു ന്നതിനുമായി "Project Management System" വും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തികൾക്ക് തടസ്സം നേരിടുന്നത് പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റി (DICC) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിശ്ചിത ഇടവേളയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ സംബന്ധിച്ച തർക്കങ്ങൾ/ പ്രശ്നങ്ങൾ പരിഹരിച്ച് വേഗ ത്തിൽ നടപ്പിലാക്കാനുള്ള വഴിയൊരുക്കുന്നു.

സർക്കാർ ഉത്തരവ് നം. GO(Rt) NO. 8/2022/PWD തീയതി 01/01/2022 പ്രകാരം പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 14 ജില്ലകളിലായി 140 നിയോജക മണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലതല പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം, നിയോജക മണ്ഡലങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുക, ജനപ്രതിനിധികളുമായി ചർച്ച നടത്തുക, പ്രവൃത്തികളുടെ പുരോഗതിയെ കുറിച്ചും പ്രവർത്തികളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതു സംബന്ധിച്ച വിവരങ്ങൾ ജില്ലാ തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും ഗവൺമെന്റ് തലത്തിലും അറിയിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുക എന്നീ നടപടികളാണ് നടപ്പിൽ വരുത്തുന്നത്. മിഷൻ പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല

| | | | |
|---|---|---|---|
| | | | അവലോകനം നടത്തുവാനും പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളും തടസങ്ങളും പരിഹരിക്കുന്നതിനും ഇതുവഴി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കുവാനും സാധിക്കുന്നുണ്ട്. |
| (സി) | കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തുന്നുണ്ട്. ഇതു കൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും Standard Bid Document ൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മതിയായ കാരണങ്ങൾ മൂലമല്ലാതെ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാറില്ല. സ്ഥലമെടുപ്പ്, കോടതി വ്യവഹാരങ്ങൾ, Utility Shifting ൽ വരുന്ന താമസം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, അതിവർഷം മൂലം ഹൈഫ്ലഡ് ലെവലിലുള്ള ഉയർച്ച കൊണ്ട് ഡിസൈനിൽ ഉണ്ടാകുന്ന മാറ്റം, എന്നിവ കാരണം ചിലപ്പോൾ പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയാകുന്നതിന് താമസം നേരിടാറുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരി ക്കുന്നതിന് കരാറുകാരന്റെ ഭാഗത്ത് നിന്നും വീഴ്ച ഉണ്ടായാൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ, Standard Bid Document, MoRTH SBD എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് പിഴയോടു കൂടി കാലാവധി പുതുക്കി നൽകാറുണ്ട്. എന്നിട്ടും പൂർത്തീകരിച്ചി ല്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ കരാർ terminate ചെയ്യുകയും റീ ടെണ്ടർ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് പ്രവൃത്തി ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിക്കാറുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവരുടെ കർശന നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുകയും സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മേലുദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ ദൂരീകരി ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ത്വരിത പ്പെടുത്തുകയും ചെയ്തു വരുന്നു. പ്രവർത്തികളുടെ പുരോഗതി വിലയിരുത്തു ന്നതിനും സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പ് വരുത്തു ന്നതിനുമായി |

| | | | |
|---|---|---|---|
| | | | "Project Management System" വും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തികൾക്ക് തടസ്സം നേരിടുന്നത് പരിഹരിക്കുന്നതിനായി ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റി (DICC) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിശ്ചിത ഇടവേളയിൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ സംബന്ധിച്ച തർക്കങ്ങൾ/ പ്രശ്നങ്ങൾ പരിഹരിച്ച് വേഗ ത്തിൽ നടപ്പിലാക്കാനുള്ള വഴിയൊരുക്കുന്നു.<br><br>സർക്കാർ ഉത്തരവ് നം. GO(Rt) NO. 8/2022/PWD തീയതി 01/01/2022 പ്രകാരം പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ഒരു ചീഫ് നോഡൽ ഓഫീസറും രണ്ട് റീജിയണൽ നോഡൽ ഓഫീസർമാരും 14 ജില്ലകളിലായി 140 നിയോജക മണ്ഡലങ്ങളിൽ 140 നോഡൽ ഓഫീസർമാരും ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലതല പൊതുമരാമത്ത് പ്രവൃത്തികളുടെ നിരീക്ഷണം, നിയോജക മണ്ഡലങ്ങളുടെ അവലോകന യോഗങ്ങൾ നടത്തുക, ജനപ്രതിനിധികളുമായി ചർച്ച നടത്തുക, പ്രവൃത്തികളുടെ പുരോഗതിയെ കുറിച്ചും പ്രവർത്തികളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇതു സംബന്ധിച്ച വിവരങ്ങൾ ജില്ലാ തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും ഗവൺമെന്റ് തലത്തിലും അറിയിച്ച് തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുക എന്നീ നടപടികളാണ് നടപ്പിൽ വരുത്തുന്നത്. മിഷൻ പി.ഡബ്ല്യൂ.ഡി. പ്രകാരം പ്രവൃത്തികളുടെ ഉന്നതതല അവലോകനം നടത്തുവാനും പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളും തടസങ്ങളും പരിഹരിക്കുന്നതിനും ഇതുവഴി ലക്ഷ്യബോധവും കാര്യക്ഷമതയും ഉറപ്പാക്കുവാനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ